## പതിമൂന്നാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 65 09.03.2015 -ലെ മറുപടിയ്ക്ക്**

## ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ

**ചോദ്യം**
**ശ്രീ. റ്റി. യു. കുരുവിള**

**ഉത്തരം**
**ശ്രീ. ഉമ്മൻചാണ്ടി**
**(ബഹു: മുഖ്യമന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പ് കല്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ ; | (എ) & (ബി) | ഓരോ വകുപ്പിന്റെയും പ്രതിമാസ പ്രവർത്തന പത്രികകൾ അവലോകനം ചെയ്ത് ഫയൽ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശം നൽകി വരുന്നുണ്ട്. ഫയൽ വിവരങ്ങൾ രേഖപ്പെടുത്തുന്ന പേഴ്സണൽ രജിസ്റ്റർ എല്ലാ മാസവും സെക്ഷൻ ഓഫീസർ മുതൽ എല്ലാ മേലുദ്യോഗസ്ഥരും ഷെഡ്യൂൾ പ്രകാരം പരിശോധിക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ഗവൺമെന്റ് സെക്രട്ടേറിയറ്റിൽ കെട്ടിക്കിടക്കുന്ന, 3 വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിന് 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി 2014 മെയ്-ജൂൺ മാസങ്ങളിൽ ഒരു ഫയൽ തീർപ്പാക്കൽ തീവ്രയത്ന പരിപാടി നടത്തുകയും ഫയലുകൾ തീർപ്പാക്കുകയുമുണ്ടായി. കൂടാതെ ഒരു വർഷത്തിൽ കൂടുതൽ പഴക്കമുള്ള ഫയലുകൾ തീർപ്പാക്കുന്നതിനായി 2014 സെപ്റ്റംബർ 22 മുതൽ ഒക്ടോബർ 31 വരെ ഒരു ഫയൽ അദാലത്തുകൂടി നടത്തുകയുണ്ടായി. ഓരോ വകുപ്പും ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരെയും പങ്കെടുപ്പിച്ചുകൊണ്ട് വകുപ്പ് തലത്തിൽ ചർച്ച ചെയ്ത് ഫയൽ കെട്ടിക്കിടക്കാതിരിക്കുന്നതിനും ഫയൽ തീർപ്പാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുവാനും തീർപ്പാക്കാൻ അവശേഷിക്കുന്ന ഫയലുകളെ സംബന്ധിച്ച് അവലോകനം നടത്തുവാനും മാസത്തിലൊരു ദിവസം ഫയൽ അദാലത്തിനായി നീക്കി വയ്ക്കണമെന്നും വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എല്ലാ മാസവും നിശ്ചിത ദിവസം ഫയൽ തീർപ്പാക്കൽ പദ്ധതി നടപ്പാക്കുമോ ; | | |
| (സി) | കളക്ടറേറ്റ് മുതൽ താഴോട്ടുള്ള ഓഫീസുകളിൽ നിന്നും യഥാസമയം റിപ്പോർട്ട് | (സി) | കളക്ടറേറ്റ് മുതൽ താഴോട്ടുള്ള ഓഫീസുകളിൽ നിന്നും യഥാസമയം റിപ്പോർട്ട് ലഭിക്കാത്തത് ഫയലുകളിൽ തീർപ്പുകല്പിക്കുന്നതിന് |

| | | | | |
|---|---|---|---|---|
| | ലഭിക്കാത്തത് ഫയൽ തീർപ്പാക്കുന്നതിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ അത് പരിഹരിക്കുവാൻ എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ? | | | തടസ്സമുളവാക്കുന്ന ഒരു കാരണമാണ്. സർക്കാർ ആവശ്യപ്പെടുന്ന വിവരങ്ങൾ/റിപ്പോർട്ടുകൾ താമസംവിനാ ലഭ്യമാക്കേണ്ടതാണെന്ന് എല്ലാ വകുപ്പുമേധാവികൾക്കും കർശന നിർദ്ദേശം നൽകണമെന്ന് ഭരണ വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കെട്ടിക്കിടക്കുന്ന ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൂടാതെ പഞ്ചദിന ചട്ടം, സേവനാവകാശ നിയമം എന്നിവ നിർബന്ധമായി പാലിക്കുവാനും എല്ലാ ജില്ലാ കളക്ടർമാർക്കും വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ